## ഗ്രാമവികസനത്തിനായി നടപ്പാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

4 (*274) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് സി.&എ.ജി.-യുടെ 2014-ലെ 5-ാം റിപ്പോർട്ടിലെ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതുപോലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, എൻ.ആർ.എൽ.എം. എന്നീ പദ്ധതികളിൽ പണം ചെലവാക്കപ്പെടാതെ കിടക്കുന്നതിനുള്ള കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) ഫണ്ട് ചെലവഴിക്കപ്പെടാത്തതായ മുൻസ്ഥിതിയിൽനിന്നും എന്തെങ്കിലും ഗുണപരമായ മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2012-13 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ചാർട്ടേഡ് അക്കൗണ്ടന്റ് ആഡിറ്റ് പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ-സംസ്ഥാനതലങ്ങളിൽ ചെലവഴിക്കപ്പെടാതെ അവശേഷിച്ച തുക 18.03 കോടി രൂപ മാത്രമാണ്. ടി സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 1311.178 കോടി രൂപയും സംസ്ഥാന വിഹിതമായി 21.02 കോടി രൂപയും ലഭിച്ചിരുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. ഈ നിലയ്ക്ക് ചെലവാക്കപ്പെടാതെയുള്ള 18.03 കോടി രൂപ തുടർന്ന് വർഷത്തിൽ വേതനമായി നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ

LIBRARY ARCHIVES Kerala Legislative Assembly

അവിദഗ്ധ കായിക തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വേതന വിതരണം ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (ഇ-ഇഫ്.എം.എസ്.) മുഖേന നടപ്പിലാക്കി തുടങ്ങി. പുതിയ വേതന വിതരണ സംവിധാനം 2013-14-ൽ അവലംബിച്ചതിലൂടെ സാമ്പത്തിക വർഷാവസാനം ചെലവിടാതെ അവശേഷിക്കുന്ന തുകയുടെ തോത് 13.26 കോടിരൂപയായി കുറയ്ക്കുവാൻ സാധിച്ചു. 2012-13 സാമ്പത്തിക വർഷത്തെ പുരോഗതി റിപ്പോർട്ട് പ്രകാരം ഐ.എ.വൈ. പദ്ധതിയിൽ 88.08 കോടി രൂപയാണ് ചെലവഴിക്കപ്പെടാത്തത്. എന്നാൽ ടി തുക 2013-14 സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് തുകയായി കണക്കാക്കി ടി സാമ്പത്തിക വർഷം ചെലവഴിക്കുന്നതിനാൽ, തുക ചെലവാക്കപ്പെടാതെ കിടക്കുന്നില്ല. 2012-13 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 153.443 കോടി രൂപയും സംസ്ഥാന വിഹിതമായി 53.02 കോടി രൂപയും ലഭിച്ചിരുന്നു. എൻ.ആർ.എൽ.എം. പദ്ധതി പണം ചെലവാക്കപ്പെടാതെ കിടക്കുന്നില്ല.

(സി) അവലോകന യോഗം നടത്തിയിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ വയനാട് ഒഴികെയുള്ള ജില്ലകളിൽ ജില്ലാതല അവലോകനയോഗവും ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം സംസ്ഥാനതലത്തിലും നടത്തിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷാവസാനത്തെ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുക ഗണ്യമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഫണ്ട് ചെലവഴിക്കപ്പെടാത്തതായ മുൻസ്ഥിതിയിൽ നിന്നും ഗുണപരമായ മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം പദ്ധതിയിൽ ചെലവഴിക്കപ്പെടാതെ 18.03 കോടി രൂപ അവശേഷിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷം ചെലവഴിക്കപ്പെടാതെ അവശേഷിച്ച തുക 13.26 കോടിയായി ചുരുക്കി ഐ.എ.വൈ. പദ്ധതിയിൽ 2012-13 സാമ്പത്തിക വർഷം 88.08 കോടി രൂപയും 2013-14 സാമ്പത്തിക വർഷം 117.65 കോടി രൂപയുമാണ് ചെലവഴിക്കപ്പെടാത്തത്. എന്നാൽ നടപ്പു സാമ്പത്തിക വർഷം 16-3-2015 വരെയുള്ള കണക്കുപ്രകാരം 69.15 കോടി രൂപ മാത്രമാണ് ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നത്. കുടുംബശ്രീ സംസ്ഥാനമിഷൻ സംഘടിപ്പിക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിലും ദേശീയ ഗ്രാമീണ മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ മിഷൻ മാനേജ്മെന്റ് യൂണിറ്റ് സമയാസമയങ്ങളിൽ നടത്തുന്ന അവലോകന യോഗങ്ങളിലും എൻ.ആർ.എൽ.എം. പദ്ധതിയുടെ ഭൗതിക സാമ്പത്തിക പുരോഗതി വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഫണ്ട് ചെലവഴിക്കപ്പെടാത്തതായ മുൻ സ്ഥിതിയിൽനിന്നും ഗുണപരമായ മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം പദ്ധതിയിൽ ചെലവഴിക്കപ്പെടാതെ 18.03 കോടി രൂപ അവശേഷിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷം ചെലവഴിക്കപ്പെടാതെ അവശേഷിച്ച തുക 13.26 കോടിയായി ചുരുക്കി. എൻ.ആർ.എൽ.എം. പദ്ധതിയിൽ ഫണ്ട് ചെലവഴിക്കപ്പെടാത്തതായ അവസ്ഥ ഇല്ല.

**സംയോജിത ശിശുവികസന പരിപാടി**

5 (*275) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ശിശുവികസന പരിപാടിയിലൂടെ എന്തെല്ലാമാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ആറു വയസ്സിനു താഴെയുള്ള എത്ര ശതമാനം കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ദളിത്-ആദിവാസി-മത്സ്യബന്ധന വിഭാഗത്തിലെ കുട്ടികളിലാണ് ഏറ്റവും കൂടുതൽ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നതെന്ന് പഠന റിപ്പോർട്ടുകളിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

(ഡി) സംയോജിത ശിശുവികസന പദ്ധതി വ്യാപകവും സാർവ്വത്രികവുമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) സംയോജിത ശിശുവികസനപദ്ധതിവഴി പൂരകപോഷകാഹാര പദ്ധതി, അയൺ ആന്റ് ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ, ഹെൽത്ത് ചെക്കപ്പ് ആന്റ് റഫറൽ സർവ്വീസ്, ന്യൂട്രീഷൻ ആന്റ് ഹെൽത്ത് എഡ്യൂക്കേഷൻ, കൗൺസിലിംഗ് ഗൈഡൻസ് ഓൺ ഫാമിലി വെൽഫയർ, മെഡിസിൻ വിതരണം, പ്രീ-സ്കൂൾ കിറ്റുകൾ വിതരണം, സബല പദ്ധതി, ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന, കാര്യകർത്രി ബീമ യോജന, സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി മുതലായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly